LIBRARY ARCHIVES Kerala Legislative Assembly

ചെക്ക്പോസ്റ്റുകളിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അതുപോലെ മയക്കുമരുന്ന് വിതരണം ചെയ്യുന്നത് തടയാനും അതൊരു കച്ചവടമായി നടത്തുന്ന നടപടികളെ നിരുത്സാഹപ്പെടുത്താനും ആവശ്യമായ എല്ലാ നടപടികളും കൈക്കൊള്ളുന്നുണ്ട്. ടെയിനുകൾ, വിമാനത്താവളങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ബസ്സ്റ്റാന്റുകൾ എന്നിവിടങ്ങളിലെല്ലാം കർശന പരിശോധന നടത്താൻ പോലീസിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. വളരെ ഗൗരവത്തോടുകൂടിയാണ് ഈ പ്രശ്നത്തെ കാണുന്നത്. 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്' പരിപാടിയുടെ രണ്ടാം ഘട്ടം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ബ്രാന്റ് അംബാസിഡറായ ശ്രീ. മമ്മൂട്ടിയെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് കോഴിക്കോട് വച്ച് വിപുലമായ ഒരു പരിപാടി ജൂലൈ മാസം അവസാനം സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

2. തമിഴ് ഹയർസെക്കണ്ടറി സ്കൂളുകൾ അനുവദിക്കൽ

ശ്രീ. എസ്. രാജേന്ദ്രൻ : സർ, എന്റെ മണ്ഡലമായ ദേവികുളത്ത്, മൂന്നാർ പഞ്ചായത്തും ദേവികുളം പഞ്ചായത്തും വരുന്ന മേഖലകളിൽ കൂടുതലും തോട്ടം തൊഴിലാളികളാണുള്ളത്. അവിടെ തമിഴ് ഭാഷ സംസാരിക്കുന്ന മേഖലയിൽ അഞ്ച് ഹൈസ്കൂളുകളും രണ്ട് പ്ലസ് ടു സ്കൂളുകളുമാണുള്ളത്. അതും ഉൾപ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്. യാത്രാ സൗകര്യങ്ങളില്ലാത്തതുകൊണ്ട് മിക്കവാറും ആ സീറ്റുകൾ പൂർണ്ണമായും നികത്തപ്പെടാറില്ല. മൂന്നാറിൽ രണ്ട് ഹൈസ്കൂളുകളുണ്ട്, അവിടെ പ്ലസ് ടു ഇല്ല. അതുകൊണ്ട് മൂന്നാർ പട്ടണത്തിലെ ഗവൺമെന്റ് ഹൈസ്കൂളിൽ തമിഴ് പ്ലസ് വൺ, പ്ലസ് ടു അനുവദിക്കാനും ഗ്രഡാർവിള സ്കൂളിൽ വൊക്കേഷണൽ ഹയർസെക്കണ്ടറി അനുവദിക്കാനും നടപടി സ്വീകരിക്കണം. അതുപോലെ അടിമാലി പട്ടണത്തിലെ ഗവൺമെന്റ് ഹൈസ്കൂളിൽ പ്ലസ് ടു ഇല്ല. ബഹുമാനപ്പെട്ട പട്ടികവർഗ്ഗ വകുപ്പ് മന്ത്രികൂടി ഇക്കാര്യം ശ്രദ്ധിച്ചാൽ നല്ലതാണ്. അറുപത് ശതമാനത്തോളം വരുന്ന ആദിവാസി കുട്ടികളാണ് അടിമാലി ഗവൺമെന്റ് ഹൈസ്കൂളിൽ പഠിക്കുന്നത്. അവിടെ എസ്.എൻ.ഡി.പി.യുടെയും ക്രിസ്ത്യൻ മിഷനറിയുടെയും രണ്ട് ഹയർസെക്കണ്ടറി സ്കൂളുകളുണ്ട്. എന്നാൽ ഈ ആദിവാസി കുട്ടികൾക്ക് അവിടെ പ്രവേശനം ലഭിക്കാറില്ല. അതുകൊണ്ട് അറുപത് ശതമാനത്തോളം ആദിവാസി കുട്ടികൾ പഠിക്കുന്ന അടിമാലി ഗവൺമെന്റ് ഹൈസ്കൂൾ പട്ടികവർഗ്ഗ വകുപ്പ് ഏറ്റെടുത്തു കൊണ്ടോ അല്ലാതെയോ അവിടെ പ്ലസ് ടു അനുവദിച്ച് തരികയാണെങ്കിൽ വളരെ ഉപകാരമായിരിക്കുമെന്നാണ് പ്രദേശവാസികളുടെ ദീർഘകാലമായിട്ടുള്ള അഭ്യർത്ഥന. അതുകൊണ്ട് ഈ മൂന്ന് സ്ഥലങ്ങളിലും രണ്ട് പ്ലസ് ടു സ്കൂളുകളും ഒരു വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളും അനുവദിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, 11-6-2013-ലെ ജി.ഒ. (എം എസ്.) 185/2013 പൊ.വി.വ. സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളില്ലാത്ത 148 പഞ്ചായത്തുകളിൽ പുതിയ ഹയർസെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്നതിനും എറണാകുളം മുതൽ കാസർഗോഡ് വരെയുള്ള എട്ട് ജില്ലകളിൽ പുതിയ ഹയർസെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്നതിനും അവിടെ നിലവിലുള്ള സർക്കാർ എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിൽ ഓരോ അധിക ബാച്ച് അനുവദിക്കുന്നതിനും സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. തുടർന്നുണ്ടായ അനുബന്ധ വിജ്ഞാപനങ്ങളുടെയും കോടതി ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ 24-11-2014-ലെ ജി.ഒ. (ആർ.ടി.) നമ്പർ 247/2014 പൊ.വി.വ. ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പുതിയ ഹയർസെക്കണ്ടറി സ്കൂളുകളും അധിക ഹയർസെക്കണ്ടറി ബാച്ചുകളും അനുവദിച്ചുകൊണ്ട് ഉത്തരവായിരുന്നു. 31-7-2014-ലെ ജി.ഒ. (ആർ.ടി.) നമ്പർ 143/14പൊ.വി.വ. സർക്കാർ ഉത്തരവിന്റെ വ്യവസ്ഥകൾക്ക് വിധേയമായി 24-11-2014-ലെ ജി.ഒ.(ആർ.ടി.) നമ്പർ 747/2014 പൊ.വി.വ. ഉത്തരവ് പ്രകാരം താല്ക്കാലിക പ്രവർത്തന അനുമതി ലഭിച്ച് പുതിയ ഹയർ സെക്കണ്ടറി സ്കൂളുകൾക്കും അധിക ഹയർസെക്കണ്ടറി ബാച്ചുകൾക്കും വിഷയ കോമ്പിനേഷൻ അനുവദിച്ചു കൊണ്ട് ഹയർസെക്കണ്ടറി ഡയറക്ടർ 9-3-2015-ൽ ഉത്തരവ് ഇറക്കിയിരുന്നു.

ഇടുക്കി ജില്ലയിലെ എയ്ഡഡ് മേഖലയിൽ ഏഴും സർക്കാർ മേഖലയിൽ നാലും കൂടി ആകെ പതിനൊന്ന് സ്കൂളുകൾക്ക് മലയാളം, ഹിന്ദി ഉപഭാഷയായി രണ്ടുവീതം പ്ലസ് ടു ബാച്ച് അനുവദിച്ച് നൽകിയിട്ടുള്ളതാണ്. പുതിയ ഹയർ സെക്കണ്ടറി സ്കൂളുകൾ, അധിക ഹയർസെക്കണ്ടറി ബാച്ച് എന്നിവ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ നയപരമായ തീരുമാനമെടുക്കുന്നതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സ്കൂൾ അധികാരികളിൽനിന്നും അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയും അതിൻപ്രകാരം ലഭിക്കുന്ന അപേക്ഷകൾ സർക്കാർ ഉത്തരവിലും അതിനോടനുബന്ധിച്ച് പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിലും നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി അതാത് പ്രദേശത്തെ വിദ്യാഭ്യാസ ആവശ്യകത വിലയിരുത്തി സർക്കാരിന്റെ ധനസ്ഥിതി കൂടി കണക്കിലെടുത്ത് പരിഗണിക്കുക എന്നതാണ് നിലവിലെ രീതി. സർക്കാർ എയ്ഡഡ് മേഖലയിൽ പുതുതായി ഹയർ സെക്കണ്ടറി സ്കൂളുകളും അധിക ബാച്ചുകളും അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നയപരമായ തീരുമാനം നിലവിലില്ല. ഇടുക്കി ജില്ലയിലെ മൂന്നാർ പഞ്ചായത്തിന്റെ സമീപ പ്രദേശങ്ങളിലായി ചെണ്ടുവാര,

LIBRARY ARCHIVES Kerala Legislative Assembly

വാഗ്വാര എന്നീ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഓരോ ബാച്ചുവീതം പ്രവർത്തിക്കുന്നുണ്ട്. ഇടുക്കി ജില്ലയിലെ അടിമാലി പ്രദേശത്ത് എസ്.എൻ.ഡി.പി., വി.എച്ച്.എസ്. എസ്., ഫാത്തിമ മാതാ ഗേൾസ് എച്ച്.എസ്.എസ്. എന്നീ സ്കൂളുകളിലായി ആകെ ഏഴ് ഹയർ സെക്കണ്ടറി ബാച്ചുകൾ പ്രവർത്തിക്കുന്നുണ്ട്. ഇടുക്കി ജില്ലയിലെ മൂന്നാർ, ഗ്രഡാർവിള സർക്കാർ തമിഴ് ഹൈസ്കൂളിൽ വി.എച്ച്.എസ്.സി. ആരംഭിക്കുന്നതിന് നിലവിൽ പ്രൊപ്പോസലുകളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

3. കാട്ടാനശല്യം

<u>ശ്രീ. എം. പി. വിൻസെന്റ്</u> : സർ, എന്റെ നിയോജകമണ്ഡലമായ ഒല്ലൂരിന്റെ കിഴക്കൻ അതിർത്തിയിൽ 20 കിലോമീറ്ററോളം മലയോര മേഖലയാണ്. ആ മലയോര മേഖലയുമായി ബന്ധപ്പെട്ട പ്രദേശങ്ങളിൽ കാട്ടാനയും പുലികളും പന്നികളുമൊക്കെ ഇറങ്ങി വ്യാപകമായ കൃഷി നാശമുണ്ടാക്കുന്നു മാത്രമല്ല, വീടുകളിലിരിക്കുന്ന പാവപ്പെട്ട ജനങ്ങളൊക്കെ വളരെ ഭയവിഹ്വലരായിട്ടാണ് അവിടെ വസിക്കുന്നത്. പല നിയോജകമണ്ഡലങ്ങളിൽനിന്നും പല പ്രാവശ്യം ഇത്തരം കാര്യങ്ങളെക്കുറിച്ച് ഇവിടെ സബ്മിഷൻ അവതരിപ്പിച്ചിട്ടുണ്ട്. അതിന് മുഖ്യമന്ത്രിയും വനം വകുപ്പുമന്ത്രിയുമൊക്കെ നല്ല രീതിയിൽ മറുപടി തന്നിട്ടുണ്ടെങ്കിലും ഇത്തരം മൃഗങ്ങളുടെ ശല്യങ്ങൾ പരിഹരിക്കാനാവശ്യമായ നടപടികൾ വേണ്ട രീതിയിൽ എടുക്കുന്നതിൽ പരാജയപ്പെടുന്നുണ്ട്. പട്ടിക്കാട് റേഞ്ചിലും അതുപോലെ മാന്ദമംഗലം റേഞ്ചിൽപ്പെട്ട ചുള്ളിക്കാവ്, വെള്ളക്കാരിത്തടം, മൈലാട്ടുംപാറ, ചെളിക്കുഴി എന്നീ പ്രദേശങ്ങളിലും വ്യാപകമായി കാട്ടാനശല്യം ഉണ്ടാകുകയാണ്. അവരുടെ വീടുകൾ തകർക്കുന്നുവെന്ന് മാത്രമല്ല, കൃഷിയും നശിപ്പിക്കുകയാണ്. പാവപ്പെട്ട കർഷകരുടെ കൃഷി നാശത്തിന് നഷ്ടപരിഹാരം ലഭിക്കുന്നില്ല. മാത്രമല്ല, ഇത്തരം കർഷകരുടെ ചെറിയ ചെറിയ വീടുകൾ നശിച്ചാൽ അതൊക്കെ എൻ.ആർ.എഫ്. ഭൂമിയാണെന്നുപറഞ്ഞ് അതിനും ഒരു നഷ്ടപരിഹാരവും കൊടുക്കാൻ സർക്കാരിന് കഴിയുന്നില്ല. വർഷങ്ങളായി അവർ പട്ടയത്തിന് അപേക്ഷിച്ചിട്ടും പട്ടയം കൊടുക്കുന്നില്ല. ഇത്തരത്തിലുള്ള ഭീകരമായ അക്രമങ്ങൾ വരുമ്പോൾ ആ ആക്രമണത്തിന് വിധേയരാകുന്ന ഇവർക്ക് ആവശ്യമായ രീതിയിലുള്ള ചെറിയ തുകപോലും കൊടുക്കാൻ സർക്കാരിന് കഴിയുന്നില്ല. ഇത് വലിയ വേദനാജനകമായ ഒരു സംഭവമാണ്. ഇത്തരം കാര്യങ്ങളിൽ ആവശ്യമായ ഫോറസ്റ്റ് ഗാർഡുകളെ നിയമിച്ച് ഇവർക്ക് വേണ്ടത്ര സംരക്ഷണ ചുമതലയുണ്ടാക്കാൻ ഫോറസ്റ്റ് മിനിസ്റ്റർ, വേണ്ട സൗകര്യം ചെയ്തു കൊടുക്കണം. ഇക്കാര്യങ്ങളിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നടപടിയുണ്ടാകണമെന്നാണ് എന്റെ അഭ്യർത്ഥന.

LIBRARY ARCHIVES Kerala Legislative Assembly